ഭരണഭാഷ - മാതൃഭാഷ"

**വിവരാവകാശം**

**നമ്പർ:G4-14627/17(2)**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം - 695 033.
തീയതി: 22.03.2017.
Email: swdkerala@gmail.com
Phone: 0471-2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

ഡോ. ഫിറോസ്ഷാ. എ
തോപ്പിൽ, അഷ്ടമുടി. പി.ഒ.,
കൊല്ലം.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വയോ അമൃതം പ്രോജക്ട് - സംബന്ധിച്ച്.

സൂചന: താങ്കളുടെ 20.03.2017 ലെ വിവരാവകാശ അപേക്ഷ.

സാമൂഹ്യനീതി വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പുകളുടെ (Indian System of Medicine) സംയുക്ത സംരംഭമാണ് വയോഅമൃതം പ്രോജക്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ പരിരക്ഷയ്ക്കായി നടത്തിവരുന്ന ആയുർവേദ ചികിത്സ പദ്ധതിയാണിത്. സാമൂഹ്യനീതി വകുപ്പിൽ നിന്ന് ഭാരതീയ ചികിത്സാ വകുപ്പിന് ഫണ്ട് അനുവദിക്കുന്നുണ്ട്. എന്നാൽ ഡോക്ടർമാരുടെ നിയമന നടപടികൾ ഭാരതീയ ചികിത്സാ വകുപ്പാണ് നടത്തിവരുന്നത്. ആയതിനാൽ സൂചന പ്രകാരം താങ്കൾ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ഈ കാര്യാലയത്തിൽ നിന്ന് മറുപടി നൽകുവാൻ നിർവ്വാഹമില്ല. താങ്കളുടെ അപേക്ഷ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. (ഉള്ളടക്കം ചെയ്യുന്നു) പ്രസ്തുത കാര്യാലയത്തിൽ നിന്ന് താങ്കൾക്ക് വിവരങ്ങൾ ലഭിക്കുന്നതായിരിക്കും എന്നറിയിക്കുന്നു.

മേൽപ്പറഞ്ഞ മറുപടിയിന്മേൽ താങ്കൾക്ക് ആക്ഷേപമുള്ളപക്ഷം ഈ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയ്ക്ക് അപ്പീൽ നൽകാവുന്നതാണ്.

24/3/17

മേൽ വിലാസം:

**ശ്രീ. കെ.കെ. സുരേന്ദ്രകുമാർ**
**അഡീഷണൽ ഡയറക്ടർ (അപ്പലേറ്റ് അതോറിറ്റി)**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ്ഭവൻ, തിരുവനന്തപുരം - 695 033**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്**

**പകർപ്പ്:**

ഡയറക്ടർ,
ഭാരതീയ ചികിത്സാ വകുപ്പു ഡയറക്ടറേറ്റ്,
ആയുർവേദ കോളേജ്, തിരുവനന്തപുരം.

PL